# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VIII
## (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ
## (ECONOMIC AFFAIRS)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**മൂന്നാമത് റിപ്പോർട്ട്**
**(2018-2019)**

**THIRD REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2018-2019)**

2018 ഫെബ്രുവരി 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th February, 2018)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VIII
# (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ
## (ECONOMIC AFFAIRS)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
മൂന്നാമത് റിപ്പോർട്ട്

(2018-2019)

THIRD REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2018-2019)

234/2018.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VIII
## (സാമ്പത്തിക കാര്യങ്ങൾ)
## (2016 - 2018)

### ഘടന

**അദ്ധ്യക്ഷൻ :**

ഡോ. ടി. എം. തോമസ് ഐസക്,
ധനകാര്യവും കയറും വകുപ്പുമന്ത്രി.

**എക്സ് - ഒഫീഷ്യോ അംഗങ്ങൾ :**

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

**അംഗങ്ങൾ:**

| | |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | എം.എൽ.എ. |
| ഡോ. എൻ. ജയരാജ് | ,, |
| ശ്രീ. വി. കെ. സി. മമ്മത് കോയ | ,, |
| ശ്രീ. ഡി. കെ. മുരളി | ,, |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ,, |
| ശ്രീ. മുല്ലക്കര രത്നാകരൻ | ,, |
| ശ്രീ. വി. ഡി. സതീശൻ | ,, |
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ,, |

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2018 ഫെബ്രുവരി 14, 15 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥചെയ്തിട്ടുള്ള വിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു

| | |
|---|---|
| ധനാഭ്യർത്ഥന നമ്പർ V | — ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും. |
| ധനാഭ്യർത്ഥന നമ്പർ VII | — മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും |
| ധനാഭ്യർത്ഥന നമ്പർ VIII | — എക്സൈസ് |
| ധനാഭ്യർത്ഥന നമ്പർ X | — ട്രഷറികളും അക്കൗണ്ടുകളും |
| ധനാഭ്യർത്ഥന നമ്പർ XI | — ജില്ലാ ഭരണവും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XVI | — പെൻഷനും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XXVIII | — പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ XLIII | — നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും |
| ധനാഭ്യർത്ഥന നമ്പർ XLV | — പലവക വായ്പകളും മുൻകൂറുകളും |
| ധനാഭ്യർത്ഥന നമ്പർ XLVI | — സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും. |

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ ഘട്ടങ്ങളിൽ കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികപരവുമായ പരിമിതികൾക്ക് വിധേയമായി സമിതി അഭിപ്രായങ്ങൾ രൂപീകരിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയുംചെയ്തു. ധനാഭ്യർത്ഥന കളിന്മേൽ ലഭിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിന്മേൽ അധിക തുക അനുവദിക്കുന്നതിനുള്ള സമിതിയുടെ ശിപാർശകൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2018 ഫെബ്രുവരി 19-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2018 ഫെബ്രുവരി 19.

ഡോ. ടി. എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി* VIII.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ V—ചരക്കു സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും.

വോട്ട് ചെയ്തത് - 35,344.22 ലക്ഷം രൂപ

ചാർജ് ചെയ്തത് - 36.20 ലക്ഷം രൂപ

2043-00-001-97-04(2)—കമ്മീഷണറുടെ കാര്യാലയം-യാത്രാ ചെലവുകൾ സ്ഥലംമാറ്റ ബത്ത

വിഹിതം : 58,000 രൂപ (പദ്ധതിയേതരം)

1. നടപ്പു സാമ്പത്തിക വർഷം ഈ ഇനത്തിൽ ഇതുവരെയുള്ള ചെലവ് 75,514 രൂപയാണ്. ഈ ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം 58,000 രൂപയായതിനാൽ ഈ ശീർഷകത്തിൽ അധികമായി 42,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-97-05(1)—കമ്മീഷണറുടെ കാര്യാലയം-ഓഫീസ് ചെലവുകൾ വെള്ളക്കരം

വിഹിതം : 1.44 ലക്ഷം രൂപ (പദ്ധതിയേതരം)

(2) ഈ ശീർഷകത്തിൽ ഇതുവരെയുള്ള ചെലവ് 1.41 ലക്ഷം രൂപയാണ്. ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി വകയിരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-97-05(2)—കമ്മീഷണറുടെ കാര്യാലയം - ഓഫീസ് ചെലവുകൾ-വൈദ്യുത ചെലവ്

വിഹിതം : 23.43 ലക്ഷം രൂപ (പദ്ധതിയേതരം)

3. പ്രതിമാസം ശരാശരി രണ്ടരലക്ഷം രൂപ നിരക്കിൽ ഒരു വർഷം ഏകദേശം 30 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

2043-001-97-21(1)—കമ്മീഷണറുടെ കാര്യാലയം- മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വിഹിതം : ഇല്ല.

4. ജി.ഒ (എം.എസ്) നമ്പർ 09/2018/ടാക്സ്, തീയതി 27-1-2018 പ്രകാരം ജോയിന്റ് കമ്മീഷണറുടെ ഉപയോഗത്തിന് ഒരു പുതിയ വാഹനം വാങ്ങുവാൻ 12,97,908 രൂപയുടെ ഭരണാനുമതി ലഭിക്കുകയും ഇതിനുവേണ്ടി അഡീഷണൽ ആതറൈസേഷൻ സമർപ്പിക്കുകയും ചെയ്തുവെങ്കിലും ഇതുവരെ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-97-34(03)—കമ്മീഷണറുടെ കാര്യാലയം - മറ്റു ചെലവുകൾ-മറ്റിനം

വിഹിതം : 3 കോടി രൂപ (പദ്ധതിയേതരം)

5. ജി.ഒ. (ആർ.ടി.) നമ്പർ 06/2018/ടാക്സസ്, തീയതി 3-1-2018 പ്രകാരം ജി.എസ്.ടി നെറ്റ് വർക്ക് അഡ്വാൻസ് യൂസർ ചാർജിന്റെ രണ്ടാം ഗഡുവായി 4.3 കോടി രൂപ നൽകുന്നതിന് ഭരണാനുമതി ലഭിച്ചിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 4.3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-101-97-05(1)—ചരക്ക് സേവന നികുതി കാര്യാലയങ്ങൾ-ഓഫീസ് ചെലവുകൾ-വെള്ളക്കരം

വിഹിതം : 7.87 ലക്ഷം രൂപ (പദ്ധതിയേതരം)

6. ഈ ശീർഷകത്തിൽ ഇതുവരെയുള്ള ചെലവ് 6.86 ലക്ഷം രൂപയാണ്. നിലവിൽ എറണാകുളം ജില്ലാ ഓഫീസിന് 1 ലക്ഷം രൂപയോളം ഈ ഇനത്തിൽ കുടിശ്ശികയുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

2043-00-101-97-06—ചരക്ക് സേവന നികുതി കാര്യാലയങ്ങൾ - വാടക, കരം, നികുതി

വിഹിതം : 1.52 കോടി രൂപ (പദ്ധതിയേതരം)

7. പ്രസ്തുത ശീർഷകത്തിൽ ഇതുവരെയുള്ള ചെലവ് 1.4 കോടി രൂപയാണ്. എറണാകുളം ജില്ലയ്ക്ക് മാത്രമായി ഈ വർഷം ഇനിയും 6 ലക്ഷം രൂപ കൂടി ആവശ്യമുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വകുപ്പിന്റെ ഫെസിലിറ്റേഷൻ സെന്ററുകൾക്ക് 18% ജി. എസ്. ടി. ആവശ്യപ്പെട്ടിരിക്കുന്നതിനാൽ വാടക ഇനത്തിൽ അധിക ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

2043-00-101-97-18—ചരക്ക് സേവന നികുതി കാര്യാലയങ്ങൾ - സംരക്ഷണം

വിഹിതം : 8.81 ലക്ഷം രൂപ (പദ്ധതിയേതരം)

8. ഈ ശീർഷകത്തിൽ ഇതുവരെയുള്ള ചെലവ് 9.94 ലക്ഷം രൂപയാണ്. ഭരണാനുമതി കിട്ടിയ പ്രവൃത്തികളിൽ ആലപ്പുഴ, കോട്ടയം എന്നീ ജില്ലകൾക്ക് യഥാക്രമം 13.95 ലക്ഷം രൂപയും 40.31 ലക്ഷം രൂപയും കൊടുക്കാനുണ്ട്. അസിസ്റ്റന്റ് കമ്മീഷണർ (ട്രെയിനിംഗ്) തിരുവനന്തപുരം ഓഫീസിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 17.44 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

വോട്ട് ചെയ്തത് - 22546.91 ലക്ഷം രൂപ

ചാർജ് ചെയ്തത് - 1,000 രൂപ

2030-03-001-99-21(1)—രജിസ്ട്രേഷൻ - മോട്ടോർ വാഹനങ്ങൾ - വാഹനം വാങ്ങൽ

വിഹിതം : ഇല്ല

9. 2016-17 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ഡി.ഐ.ജി. ഓഫീസിന് കണ്ടം ചെയ്ത വാഹനത്തിനു പകരം പുതിയ വാഹനം വാങ്ങുന്നതിനായി സർക്കാർ അനുമതിയും അഡീഷണൽ ഫണ്ടും നൽകിയിരുന്നു. എന്നാൽ വാഹനം വാങ്ങുന്നതിനായി നടപടി ആരംഭിച്ചപ്പോൾ Invoice System നിർത്തലാക്കുകയും പകരം കേന്ദ്ര സർക്കാർ പദ്ധതിയായ GeM മുഖേന വാങ്ങാൻ ഉത്തരവ് വരികയും ചെയ്തു. 2017-18 സാമ്പത്തിക വർഷം GeM മുഖേന വാഹനം വാങ്ങുന്നതിന് നടപടികൾ പൂർത്തിയാക്കിയെങ്കിലും ഫണ്ടിനായി SDG യിൽ വച്ചപ്പോൾ സർക്കാർ അനുമതി ലഭിച്ചില്ല. ആയതിനാൽ 2018-19 സാമ്പത്തിക വർഷത്തിൽ വാഹനം വാങ്ങുന്നതിനായി 8 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-99-21(2)—രജിസ്ട്രേഷൻ-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റ പണികളും

വിഹിതം : 30,000 രൂപ (പദ്ധതിയേതരം)

10. 2017-18 സാമ്പത്തിക വർഷത്തിൽ ടി ഇനത്തിൽ 50,000 രൂപ വകയിരുത്തിയിരുന്നു. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ 30,000 രൂപയേ വകയിരുത്തിട്ടുള്ളൂ. നിലവിൽ 10,000 രൂപയുടെ കടിശ്ശികയുള്ളതിനാൽ വകയിരുത്തിയിരിക്കുന്ന ഫണ്ട് പോരാതെ വരും. ആയതിനാൽ നിലവിലെ ഫണ്ട് കഴിയുന്ന മുറയ്ക്ക് 30,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്

വോട്ട് ചെയ്തത് - 30082.75 ലക്ഷം രൂപ

ചാർജ് ചെയ്തത് - 10 ലക്ഷം രൂപ

2039-00-001-99-21 (1)—സംസ്ഥാന എക്സൈസ് - മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വിഹിതം : 1 ലക്ഷം രൂപ (പദ്ധതിയേതരം)

11. വകുപ്പിൽ കാലപ്പഴക്കം കൊണ്ട് ഉപയോഗശൂന്യമായ വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-99-21(2)—സംസ്ഥാന എക്സൈസ്-മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 45.47 ലക്ഷം രൂപ (പദ്ധതിയേതരം)

12. എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമാക്കുന്നതിന്റെ ഭാഗമായി വാഹനങ്ങളിൽ യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-99-45—സംസ്ഥാന എക്സൈസ്- പി. ഒ.എൽ.

വിഹിതം : 147.51 ലക്ഷം രൂപ (പദ്ധതിയേതരം)

13. ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വാഹനങ്ങൾക്ക് ഇന്ധനവും മറ്റും നിറയ്ക്കുന്നതിന് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-98-05 (3)—റേഞ്ച് ഓഫീസുകൾ-ഓഫീസ് ചെലവുകൾ - ടെലഫോൺ ചെലവ്

വിഹിതം : 24.83 ലക്ഷം രൂപ (പദ്ധതിയേതരം)

14. എക്സൈസ് റെയിഞ്ച് ആഫീസുകളുടെ ടെലഫോൺ ചെലവുകൾക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ കൂടി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-98-05 (4)—റേഞ്ച് ഓഫീസുകൾ - ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ

വിഹിതം : 21.18 ലക്ഷം രൂപ (പദ്ധതിയേതരം)

15. എക്സൈസ് റെയിഞ്ച് ആഫീസുകളുടെ ഓഫീസ് ചെലവുകൾക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ X—ട്രഷറികളും അക്കൗണ്ടുകളും

വോട്ട് ചെയ്തത് - 30270.91 ലക്ഷം രൂപ

ചാർജ് ചെയ്തത് - ഇല്ല.

2054-00-098-99—ട്രഷറികളുടെയും അക്കൗണ്ടുകളുടെയും ഭരണം- ലോക്കൽ ഫണ്ട് ഓഡിറ്റ്- ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്

വിഹിതം : 8,239.25 ലക്ഷം രൂപ (പദ്ധതിയേതരം)

16. ബജറ്റിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാരുടെ യാത്രാബത്തയെന്ന ശീർഷകത്തിൽ 2,10,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്ത് രാജ് നഗരപാലിക സ്ഥാപനങ്ങളിലെയും ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്. ഈ ഇനത്തിൽ ശരാശരി 3 സാമ്പത്തിക വർഷങ്ങളിലെ കുടിശ്ശിക ഓഡിറ്റ് തീർക്കുന്നതിന് മറ്റ് സ്ഥാപനങ്ങളിലെ ഓഡിറ്റ് ഓഫീസുകളിലെ മനുഷ്യവിഭവശേഷികൂടി ഉപയോഗിക്കേണ്ടിവന്നതിനാൽ ജീവനക്കാരെ മറ്റ് ജില്ലകളിലേക്കും പുനർവിന്യസിക്കേണ്ടതായും വന്നു. 4 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് ഒരുമിച്ച് പൂർത്തിയാക്കാൻ അധികം വിന്യസിച്ച ജീവനക്കാർക്കുണ്ടായിട്ടുള്ള ചെലവുകൾ നികത്തുന്നതിനായി യാത്രാബത്ത ഇനത്തിൽ തൻവർഷം അനുവദിച്ചിട്ടുള്ള തുക തികയാത്തതിനാലും ഓഫീസ് കെട്ടിടങ്ങളുടെ വാടക കുടിശ്ശികയായി 18,81,310 രൂപ നൽകേണ്ടതിനും മറ്റു ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 323.94 ലക്ഷം രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും

വോട്ട് ചെയ്തത് - 67404.43 ലക്ഷം രൂപ

ചാർജ് ചെയ്തത് - 107.15 ലക്ഷം രൂപ

2047-00-103-99-34(3)—ദേശീയ സമ്പാദ്യ സംഘടനാ ഡയറക്ടറാഫീസ്- മറ്റുചെലവുകൾ - മറ്റിനം

വിഹിതം : 65 ലക്ഷം രൂപ

17. ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാരുടെ ക്ഷേമനിധിയിലേക്കുള്ള സർക്കാർ വിഹിതമായ മാച്ചിംഗ് കോൺട്രിബ്യൂഷൻ ഇനത്തിൽ മുൻ വർഷങ്ങളിൽ ലഭിക്കേണ്ട തുകയുടെ ഏകദേശം 50% മാത്രമാണ് ഫണ്ടിന്റെ അപര്യാപ്തതമൂലം നാളിതുവരെ ലഭിച്ചിരുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ 1.15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-87—ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ് ഏജന്റുമാർക്കും നൽകുന്ന അധിക സേവനത്തിന് നൽകുന്ന പ്രതിഫലം

വിഹിതം : 165 കോടി രൂപ (പദ്ധതിയേതരം)

18. 2017-18 സാമ്പത്തിക വർഷം ഏജന്റുമാർക്ക് വിതരണം ചെയ്യേണ്ട 4 മാസത്തെ പ്രതിഫല കുടിശ്ശികയും 2018-19 സാമ്പത്തിക വർഷം വിതരണം ചെയ്യേണ്ടതായ പ്രതിഫലവും ചേർത്ത് 16 മാസത്തെ പ്രതിഫലം വിതരണം ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 91 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും

വോട്ട് ചെയ്തത് - 26,45,485.71 ലക്ഷം രൂപ

ചാർജ് ചെയ്തത് - 8,146.61 ലക്ഷം രൂപ

2075-00-103-99-08—ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പന - പരസ്യം, പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ

വിഹിതം : 25 കോടി രൂപ (പദ്ധതിയേതരം)

19. ദൃശ്യ-ശ്രാവ്യ, അച്ചടി മാധ്യമങ്ങളിലൂടെയുള്ള ലോട്ടറിയുടെ പരസ്യം, നറുക്കെടുപ്പ് ഫലപ്രസിദ്ധീകരണം എന്നിവയ്ക്ക് ആവശ്യമായ ചെലവുകൾ ഈ ശീർഷകത്തിൽ നിന്നും വഹിക്കുന്നു. ഉയർന്ന വിറ്റുവരവ് ലക്ഷ്യം കൈവരിക്കുന്നതിനായി കൂടുതൽ പരസ്യങ്ങൾ നൽകുന്നതിലേക്ക് 25 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-98—ഏജന്റുമാരുടെ കമ്മീഷൻ

വിഹിതം : 3189.88 കോടി രൂപ (പദ്ധതിയേതരം)

20. ടിക്കറ്റ് വിൽപ്പന സമയത്തുതന്നെ ഏജന്റുമാർക്ക് നൽകുന്ന ഡിസ്കൗണ്ട്, കൂടുതൽ മത്സരബുദ്ധ്യാ വാങ്ങുന്നതിനുള്ള അധിക കമ്മീഷൻ, ഏറ്റവും കൂടുതൽ ടിക്കറ്റുകൾ വാങ്ങുന്നതിനുള്ള കോമൺ ഇൻസെന്റീവ്, സമ്മാനാർഹമായ ടിക്കറ്റുകൾ വിറ്റ ഏജന്റിനുള്ള ഏജൻസി സമ്മാനം തുടങ്ങിയവ നൽകുന്നതിനുള്ള ചെലവ് ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. ലോട്ടറി വിറ്റുവരവ് കൂടുന്നതനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായ വർദ്ധനവുണ്ടാകും. മൊത്തം വിറ്റുവരവിന്റെ 30% ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വരും. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റായ 11100 കോടി രൂപ സമാഹരിക്കുവാൻ കഴിയുകയാണെങ്കിൽ ഈ ഇനത്തിൽ ഏകദേശം 3330 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 141 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-97—സമ്മാനദാനം

വിഹിതം : 3844 കോടി രൂപ (പദ്ധതിയേതരം)

21. സമ്മാനാർഹമായ ഭാഗ്യക്കുറി ടിക്കറ്റുകളുടെ സമ്മാനത്തുക ഈ ശീർഷകത്തിൽ നിന്നും ചെലവാക്കുന്നു. നിലവിലെ പരിഷ്കരിച്ച സമ്മാനഘടന അനുസരിച്ച് മൊത്തം വിറ്റുവരവിന്റെ 50% ഈ ഇനത്തിൽ ചെലവഴിക്കപ്പെടുന്നു. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റായ (വിറ്റുവരവ്) 11100 കോടി രൂപ സമാഹരിക്കുവാൻ

കഴിയുകയാണെങ്കിൽ ഈ ഇനത്തിൽ ഏകദേശം 5550 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 1706 കോടി രൂപ കൂടി അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-96—കേരള സംസ്ഥാന ലോട്ടറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധിയിലേക്കുള്ള ഗവൺമെന്റ് സംഭാവന

വിഹിതം : 46.14 കോടി രൂപ ( പദ്ധതിയേതരം)

22. കേരള സംസ്ഥാന ലോട്ടറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധിയിലേക്ക് സർക്കാർ സംഭാവനയായി ഈ തുക നൽകുന്നു. 2018-19 സാമ്പത്തിക വർഷം ലക്ഷ്യമിടുന്ന വിറ്റുവരവ് 11100 കോടി രൂപയാണ്. ഇതിന്റെ 1% വിഹിതം എന്ന നിലയിൽ 111 കോടി രൂപ വകയിരുത്തി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമപദ്ധതികൾ വിപുലീകരിക്കുന്നതിനായി ടി ശീർഷകത്തിൽ അധികമായി 65 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-95—ലോട്ടറികളിൽ നിന്നുള്ള അറ്റാദായം കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് മുതൽ കൂട്ടൽ

വിഹിതം : 397.50 കോടി രൂപ (പദ്ധതിയേതരം)

23. കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന പാവപ്പെട്ട രോഗികൾക്ക് ചികിത്സാധനസഹായം നൽകുന്നതിലേക്കായി ആവശ്യമായി വരുന്ന ചെലവ് ടി ശീർഷകത്തിൽ നിന്നും വഹിക്കുന്നു. ചികിത്സാ ധനസഹായ അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതിനാലും നിലവിലുള്ള സ്കീം വിപുലീകരിക്കുന്നതിനാലും 2018-19 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ ഏകദേശം 450 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 52.50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-93- 05—ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ - ഓഫീസ് ചെലവുകൾ

വിഹിതം : 36 ലക്ഷം രൂപ (പദ്ധതിയേതരം)

24. 05-ഓഫീസ് ചെലവുകൾ എന്ന ശീർഷകത്തിൽ നിന്നും ഓഫീസ് ചെലവുകളായ വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, ടെലിഫോൺ ചാർജ്ജ്, മറ്റു ചെലവുകൾ എന്നിവ വഹിക്കുന്നു. വൈദ്യുതി ചാർജ്ജ്, ടെലിഫോൺ ചാർജ്ജ് എന്നീ ഇനങ്ങളിൽ അനുവദിച്ച തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവ് വഹിക്കുന്നതിന് അപര്യാപ്തമായി വരും. ആയതിനാൽ ടി ശീർഷകങ്ങളിൽ യഥാക്രമം 6,00,000 രൂപയും, 3,00,000 രൂപയും (ആകെ 9,00,000) അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-93-06—വാടക, കരം, നികുതി

വിഹിതം : 21.29 ലക്ഷം രൂപ

25. നാല് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളും 15 സബ് ഓഫീസുകളും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ വാടകയിനത്തിൽ 41,00,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ടി ശീർഷകത്തിൽ 19,71,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-795-93—ചികിത്സയ്ക്ക് നൽകുന്ന പലിശരഹിത വായ്പ എഴുതിത്തള്ളൽ

വിഹിതം : 10 ലക്ഷം രൂപ (പദ്ധതിയേതരം)

26. മുൻ വർഷത്തെ ചെലവ് പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷം 20 ലക്ഷത്തിന് മുകളിൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-98—രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി-വിഹിതം

വിഹിതം : 242.48 ലക്ഷം രൂപ (പദ്ധതിയേതരം)

27. ഈ ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 125 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-94—ഡിഫൻസ് സർവ്വീസുകളിലെ ധീരതയുള്ള കീർത്തി മുദ്രയ്ക്കർഹരായവർക്കും ആശ്രിതർക്കും ക്യാഷ് അവാർഡ്, മറ്റു ചെലവുകൾ

വിഹിതം : 50 ലക്ഷം രൂപ (പദ്ധതിയേതരം)

28. ഗാലന്ററി അവാർഡ് ജേതാക്കൾക്ക് 1 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ നൽകി വന്നിരുന്ന ക്യാഷ് അവാർഡ് 2 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപയായും നോൺ ഗാലന്ററി അവാർഡ് ജേതാക്കൾക്ക് 10,000 രൂപ മുതൽ 50,000 രൂപവരെ നൽകി വന്നിരുന്ന ക്യാഷ് അവാർഡ് 25,000 രൂപ മുതൽ 1,00,000 രൂപയായും വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-90—മുൻ നാട്ടുരാജാക്കന്മാരുടെ കുടുംബാംഗങ്ങൾക്കുള്ള അലവൻസുകൾ, പെൻഷൻ

വിഹിതം : 130 ലക്ഷം രൂപ (പദ്ധതിയേതരം)

29. ഫാമിലി ആന്റ് പൊളിറ്റിക്കൽ പെൻഷൻ 1,000 രൂപയിൽ നിന്ന് 3,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ആവശ്യത്തിന് നിലവിൽ ചെലവാകുന്ന തുകയുടെ രണ്ടിരട്ടി തുക ആവശ്യമായി വരും. ആയതിനാൽ ഈ ശീർഷകത്തിൽ 370 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-83—മുൻ കൊച്ചി മഹാരാജാവിന്റെ കൊട്ടാരം പെൻഷൻകാർക്ക് പെൻഷൻ നൽകൽ

വിഹിതം : 15 ലക്ഷം രൂപ (പദ്ധതിയേതരം)

30. 2018-19 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-81—കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

വിഹിതം : 106.99 ലക്ഷം രൂപ (പദ്ധതിയേതരം)

31. നിലവിലുള്ള ഹജ്ജ് ഹൗസിനോടനുബന്ധിച്ച് അഡീഷണൽ ബ്ലോക്കിന്റെ പണി ആരംഭിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയും 2018-19-ൽ 3 കോടി രൂപയും സംസ്ഥാന സർക്കാർ ഗ്രാന്റ് ഇൻ- എയ്ഡ് ആയി അനുവദിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടെങ്കിലും 2017-18 സാമ്പത്തിക വർഷം തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ 2018-19 സാമ്പത്തിക വർഷം ഗ്രാന്റ് ഇൻ- എയ്ഡ് ആയി 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-54—സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതു സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കൽ മൊത്തം തുക

വിഹിതം : 75 കോടി രൂപ (പദ്ധതിയേതരം)

32. കോടതിവിധി അന്തിമമായിട്ടുള്ള എൽ.എ.ആർ. കേസുകളിൽ വിധിക്കട തുക അനുവദിക്കുന്നതിനും ലോക് അദാലത്തുകളിൽ സെറ്റിൽമെന്റിലൂടെ തീർപ്പാക്കിയിട്ടുള്ള കേസുകളിലെ വിധി തുക അനുവദിക്കുന്നതിനും വേണ്ടി ഏകദേശം 25 കോടി രൂപ അധികമായി വകയിരുത്തേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-53—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയക്ക് വേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് ഏട്ടുക്കുന്നതു സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കൽ

വിഹിതം : 6 കോടി രൂപ

33. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്ക് വേണ്ടി സ്ഥലം പൊന്നുംവിലക്ക് ഏറ്റെടുത്തത് സംബന്ധിച്ച

എൽ.എ.ആർ. കേസുകളിൽ വിധിക്കട തുക അനുവദിക്കുന്നതിനും ലോക് അദാലത്തുകളിൽ സെറ്റിൽമെന്റിലൂടെ തീർപ്പാക്കിയിട്ടുള്ള കേസുകളിലെ വിധി തുക അനുവദിക്കുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 2.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLV—പലവക വായ്പകളും മുൻകൂറുകളും

വോട്ട് ചെയ്തത് - 15852.44 ലക്ഷം രൂപ

ചാർജ് ചെയ്തത് - ഇല്ല

7610-00-800-95(02)—സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് നൽകുന്ന പലിശയില്ലാത്ത മുൻകൂറുകൾ- നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർ

വിഹിതം : 7 കോടി രൂപ (പദ്ധതിയേതരം)

34. മുൻ വർഷങ്ങളിലെ ചെലവുകൾ പരിശോധിച്ചതിൽ നിന്നും ഈ ഇനത്തിൽ ആകെ 9 കോടി രൂപയ്ക്ക് മുകളിൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ അധികമായി 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7610-00-800-91—സംസ്ഥാന സഹായമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർക്ക് പലിശരഹിത മുൻകൂർ വായ്പ

വിഹിതം : 1 കോടി രൂപ (പദ്ധതിയേതരം)

35. മുൻ വർഷങ്ങളിലെ ചെലവുകൾ പരിശോധിച്ചതിൽ നിന്നും ഈ ഇനത്തിൽ ആകെ 1.5 കോടി രൂപയ്ക്ക് മുകളിൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ അധികമായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7610-00-800-90—ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹച്ചെലവുകൾ നേരിടുന്നതിനായുള്ള മുൻകൂർ വായ്പ

വിഹിതം : 25 ലക്ഷം രൂപ (പദ്ധതിയേതരം)

36. മുൻ വർഷത്തെ ചെലവ് പരിശോധിച്ചതിൽ നിന്നും ഈ വർഷം ഒരു കോടി രൂപയ്ക്കു മുകളിൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

വോട്ട് ചെയ്തത് - 467660.96 ലക്ഷം രൂപ

ചാർജ് ചെയ്തത് - ഇല്ല

2235-60-110-99-06—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് - വാടക, കരം, നികുതി

വിഹിതം : 42 ലക്ഷം രൂപ (പദ്ധതിയേതരം)

37. KSID-യും KTDFC-യുമായുള്ള വാടകക്കരാർ പ്രകാരം 3 വർഷം കൂടുംതോറും വാടകയിനത്തിൽ 20% വർദ്ധന നൽകേണ്ടതിനാലും KSHB-ക്ക് നൽകാനുള്ള വാടക കുടിശ്ശിക ഉൾപ്പെടെ നൽകേണ്ടതിനാലും ഈ ശീർഷകത്തിൽ 67.41 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-99-21(1)—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് - മോട്ടോർ വാഹനങ്ങൾ - വാഹനം വാങ്ങൽ

വിഹിതം : ഇല്ല

38. വകുപ്പിന്റെ 10 ജില്ലാ ഓഫീസുകളിലേക്കും ഓരോ വാഹനം ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-98-01 (4)—ഇൻഷ്വറൻസ് വകുപ്പ് - ജില്ലാ ഓഫീസുകൾ-ശമ്പളം-മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

വിഹിതം : 3.67 ലക്ഷം രൂപ (പദ്ധതിയേതരം)

39. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 83,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-97—സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - കമ്പ്യൂട്ടർവൽക്കരണം

വിഹിതം : 35 ലക്ഷം രൂപ (പദ്ധതിയേതരം)

40. സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ്, ആന്വൽ മെയിന്റനൻസ്, കോൺട്രാക്ട് പുതുക്കൽ, കമ്പ്യൂട്ടർ പർച്ചേയ്സ് എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 85 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2018 ഫെബ്രുവരി 19.

ഡോ. ടി. എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.